(ബി)&(സി) കെട്ടിക്കിടക്കുന്ന വിദേശമദ്യം വിറ്റഴിക്കുന്നതിന് സെയിൽസ് പ്രൊമോട്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യസ്ഥാപനങ്ങൾ സ്വീകരിക്കുന്ന ആകർഷകമായ വിപണന നടപടികൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ട്.

(ഡി) ബിവറേജസ് കോർപ്പറേഷന്റെ ഡിപ്പോകളിൽ സ്റ്റോക്കു ചെയ്തിട്ടുള്ള ട്രാവൻകൂർ ഷുഗേഴ്സിന്റെ ഉൽപ്പന്നമായ ഐ.എം.എഫ്.എൽ.വിറ്റഴിക്കുന്നതിന് ഊർജ്ജിതശ്രമം നടത്തണമെന്ന് ഉന്നതലയോഗം ചേർന്ന് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) 1998 ജനുവരി 1-ാം തീയതി മുതൽ 29-2-2000 വരെ ഉൽപ്പാദിപ്പിച്ച ഉൽപ്പന്നത്തിന്റെ അളവ്, അവയുടെ വില, വിപണനം ചെയ്ത മദ്യത്തിന്റെ അളവ്, അവയുടെ വില എന്നിവ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഇ) അനുബന്ധം 2-ൽ† വച്ചിട്ടുണ്ട്.

(എഫ്) 11-1-2000-ൽ നടന്ന ബി.ഐ.എഫ്.ആർ. ഹിയറിംഗിൽ ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ജനറൽ മാനേജർ പങ്കെടുക്കുകയുണ്ടായി.

(ജി) വിദേശമദ്യം വിറ്റഴിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിച്ചു വരുന്നു.

**28 (2176) കണ്ണൂർ തിരുവേപ്പതി സ്പിന്നിംഗ് മിൽ**

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ തിരുവേപ്പതി സ്പിന്നിംഗ് മിൽ പൂട്ടിയതെന്നാണ്;

(ബി) അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ മിൽ തുറന്ന് പ്രവർത്തിപ്പിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) ഈ മിൽ തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാദ്ധ്യമല്ലായെന്ന് അതിന്റെ മാനേജ്മെന്റ് രേഖാമൂലം ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(ഇ) ഈ സാഹചര്യത്തിൽ തൊഴിലാളി പ്രതിനിധികളുടെ ആഭിമുഖ്യത്തിൽ പ്രസ്തുത മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള സാദ്ധ്യതയെപ്പറ്റി പഠനം നടത്തണമെന്ന് അവിടത്തെ തൊഴിലാളികൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ അത് സംബന്ധിച്ച് എന്തു നടപടിയെടുത്തു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 16-2-1998-ൽ.

(ബി) അസംസ്കൃതസാധനങ്ങളുടെ ദൗർലഭ്യവും, മൂലധനം ഇല്ലാത്തതുമാണ് കാരണം.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ മാനേജ്മെന്റുമായും തൊഴിലാളി പ്രതിനിധികളുമായും പലവട്ടം ചർച്ചകൾ നടത്തുകയും ബാങ്ക് ഇനിയും ഫണ്ട് നൽകാൻ വിസമ്മതിക്കുന്നുവെങ്കിൽ മാനേജ്മെന്റ് ഇക്കാര്യം ബി.ഐ.എഫ്.ആറിന്റെ മുമ്പാകെ കൊണ്ടുവരാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഉണ്ട്.

(എഫ്) പരിശോധിച്ചുവരുന്നു.

**29 (2177) ആസ്ട്രൽ വാച്ചസ് കമ്പനി**

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ ആസ്ട്രൽ വാച്ചസ് കമ്പനിയിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് എത്ര മാസത്തെ ശമ്പളം കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ കുടിശ്ശിക എന്ന് കൊടുത്തുതീർക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 76 ജീവനക്കാരുണ്ട്.

(ബി) ആറുമാസത്തെ കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്.

(സി) എച്ച്.എം.ടി. ആസ്ട്രൽ വാച്ചസ് കമ്പനിക്കു നൽകുവാനുള്ള പണം വാങ്ങുന്നതിനുവേണ്ടിയും, കെ.എസ്.ഐ.ഡി.സി.യിൽ നിന്നും ഹ്രസ്വ കാലവായ്പ വാങ്ങുന്നതിനുമുള്ള ശ്രമങ്ങൾ ആസ്ട്രൽ വാച്ച്സ് കമ്പനി നടത്തിവരികയാണ്. കൂടാതെ കമ്പനിയുടെ പുനരുദ്ധാരണത്തിനുള്ള ഒരു പദ്ധതി ഇപ്പോൾ തയ്യാറാക്കി വരുന്നുണ്ട്. ഇതു നടപ്പാക്കുന്നതോടെ ശമ്പള കുടിശ്ശിക കൊടുത്തുതീർക്കാനാകും എന്നു പ്രതീക്ഷിക്കുന്നു.

**30 (2178) ഒല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയുടെ വ്യവസായ പ്ലോട്ടുകൾ സംസ്ഥാനത്ത് എത്ര എണ്ണം ഉണ്ട്; എവിടെയെല്ലാം;

(ബി) വ്യവസായ പ്ലോട്ടുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമം എന്താണ്;

(സി) ഒല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സ്ഥലത്തിന്റെ വില എത്രയാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്; ഈ വില എന്നാണ് നിശ്ചയിച്ചത്;

(ഡി) ഇതിനുമുൻപ് ഇവിടെ സ്ഥലത്തിന്റെ വില എത്രയായിരുന്നു; കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്ര പ്രാവശ്യം വില പുനർനിർണ്ണയം നടത്തി നിശ്ചയിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly